## ADJOURNMENT MOTION.

Mr. S. Krishna Pillai handed over to the President a paper containing notice of motion for the adjournment of the business of the House.

**PRESIDENT**: In regard to the notice of motion that you have put into my hands, Mr. Krishna Pillai, before I give my decision it is necessary to get some information. I will give you my decision when we meet this afternoon.

## LEGISLATION.

### THE JENMI AND KUTIYAN REGULATION AMENDMENT BILL.

**MR. N. RAMAN NAMPUTIRIPAD** (*Co-opted*): സർ, ഇന്നലെ ഞാൻ പറയുവാൻ ശ്രമിച്ചുകൊണ്ടിരുന്നതു ജന്മിമാക്കു് ഇന്നു തങ്ങളുടെ ജന്മവസ്തുക്കളിൽനിന്നും കിട്ടുന്ന ആദായത്തിനും ആ വസ്തുവിന്മേൽ അവക്കുള്ള അവകാശത്തിനും യാതൊരു ഉറപ്പുമില്ലെന്നാണു്. അധികാരികളുടെ ഓരോ കാലത്തുണ്ടാകുന്ന ന്യായബോധത്തെ ആശ്രയിച്ചാണു് ഇന്നു ജന്മിമാക്കു് കിട്ടുന്ന ആദായവും അവകാശവും സ്ഥിതിചെയ്യുന്നതു്. ഫർമുതൽ ഇതിനെപ്പറ്റി ഉണ്ടായിട്ടുള്ള തീരുമാനങ്ങളും ആലോചനയിൽ വന്നിട്ടുള്ള ബില്ലുകളും ആലോചിക്കുമ്പോൾ ഇന്നു ജന്മിമാക്കു സ്ഥിരാവകാശം കൊടുക്കേണ്ട ഒരു നിയമമാണു് ഉണ്ടാക്കേണ്ടതു്. ഇന്നു് ആലോചനയ്ക്കായി വന്നിട്ടുള്ള ചില ഭേദഗതികളം നോക്കുകയാണെങ്കിൽ വസ്തുവിലുള്ള ജന്മാവകാശത്തെ, അതായതു് ഇതുവരെയും എല്ലാവരും സമ്മതിച്ചുകൊടുത്തിട്ടുള്ള ജന്മാവകാശത്തെപ്പോലും എടുത്തുകളയണമെന്നു വിവരിക്കുന്നതായി ചിലതു കാണുന്നുണ്ടു്. ആ സ്ഥിതിയ്ക്കും ജന്മിമാക്കില്ലെ സ്ഥിരാവകാശംകൊടുത്തു ചില നിയമങ്ങളുണ്ടാക്കേണ്ടതെന്നു് ആക്കും തോന്നിപ്പോകും. ഈ രീതിയിൽ ഈ രാജ്യത്തുള്ള ഒരു ചെറുവിഭാഗക്കാരുടെ അവകാശത്തെ വിഴുങ്ങിച്ചവരുന്നതായ ഭേദഗതികളും ബില്ലും കൊണ്ടുവരുന്നതു രാജ്യമീമാംസാതത്വത്തിനു എത്രമാത്രം യോജിച്ചതാണെന്നാണു ഞാൻ ഇന്നലെ പറയുവാനായി ശ്രമിച്ചതു്. ഇതിനെ സംബന്ധിച്ചുകഴിഞ്ഞതവണത്തെ സിലക്ട് കമ്മിറ്റി വേണ്ടവിധത്തിൽ ആലോചിച്ചതിനുശേഷമല്ല ഈ ഭേദഗതികളം ചെയ്തിട്ടുള്ളതെന്നു എനിക്കു തോന്നിയതുകൊണ്ടാണു് ഈ ബിൽ രണ്ടാമതും ഒരു സിലക്ട് കമ്മറ്റിക്കയക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നതു്.

**MR. E. V. KRISHNA PILLAI** (*Kottarakara cum Kunnattur*): ഇപ്പോൾ ഉദ്ദേശിക്കുന്ന സിലക്ട് കമ്മറ്റി ആ ഭാഗങ്ങൾകൂടി ആലോചിക്കുമെന്നു മെമ്പർക്കു് എങ്ങിനെ അറിയാം?

**MR. N. RAMAN NAMPUTIRIPAD** (*Co-opted*): അവരുടെ ദൃഷ്ടിയിൽ കൊണ്ടുവന്നാൽ അവർ ആലോചിക്കും.

LIBRARY ARCHIVES Kerala Legislative Assembly